## സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ
(ഹാജർ: അനുപമ റ്റി.വി IAS)

തിരുവനന്തപുരം

ഉത്തരവ് നം.: E3-16015/17. തീയതി: 21.08.2017

വിഷയം: സാ.നീ.വകുപ്പ് - ജീവനക്കാര്യം - 2017 സൂപ്പർവൈസർമാരുടെ പൊതുസ്ഥലംമാറ്റം - 'അംഗൻവാടി സോഷ്യൽ ആഡിറ്റ്' - വിടുതൽ ചെയ്യുന്നതിന് നിയന്ത്രണം ഏർപ്പെടുത്തി ഉത്തരവാകുന്നു.

പരാമർശം: 1) 17.8.2017ലെ സാമൂഹ്യനീതി ഡയറക്ടറുടെ ഇതേ നമ്പരായുള്ള സൂപ്പർവൈസർമാരുടെ പൊതുസ്ഥലംമാറ്റ ഉത്തരവ്.
2) 19.9.2017ലെ ICDS/A2-4295-17 നമ്പർ അനൗദ്യോഗിക കത്ത്.

പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം ഐ.സി.ഡി.എസ് സൂപ്പർവൈസർമാർക്ക് 2017-ലെ പൊതു സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പരാമർശം (2)ലെ അനൗദ്യോഗിക കുറിപ്പ് പ്രകാരം അംഗൻവാടികളിൽ സോഷ്യൽ ആഡിറ്റ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട ആദ്യഘട്ടം നടപ്പാക്കുന്ന 100 പഞ്ചായത്തുകളിലെ സൂപ്പർവൈസർമാരെ പരാമർശം (3)ലെ ഉത്തരവ് പ്രകാരം മാസ്റ്റർ ട്രെയിനർമാരായി നിശ്ചയിക്കുകയും അതനുസരിച്ചുള്ള ജോലികളിൽ ടിയാളുകൾ ഏർപ്പെട്ടിരിക്കുകയാണെന്നും അതിനാൽ ടി പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അവസാനിക്കുന്ന സ്പെറ്റംബർ 25 വരെ സ്ഥലംമാറ്റം ലഭിച്ച മാസ്റ്റർ ട്രെയിനർമാരെ ഇപ്പോഴത്തെ കാര്യാലയത്തിൽ നിന്നും വിടുതൽ ചെയ്യരുതെന്ന് അറിയിച്ചിരിക്കുന്നു.

മേൽ വിവരിച്ച സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റ നടപടിയിൽ ഉൾപ്പെട്ടിട്ടുള്ള മാസ്റ്റർ ട്രെയിനർമാരായ സൂപ്പർവൈസർമാരെ സെപ്റ്റംബർ 25ന് ശേഷം മാത്രമേ ബന്ധപ്പെട്ട സി.ഡി.പി.ഒമാർ വിടുതൽ ചെയ്യാൻ പാടുള്ളുവെന്ന് ഉത്തരവാകുന്നു. വിടുതൽ ചെയ്ത് പോയിട്ടുള്ള ഉദ്യോഗസ്ഥർ മേൽ നിയോഗിച്ചിരിക്കുന്ന ചുമതല പൂർത്തീകരിക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട ശിശുവികസനപദ്ധതി ഓഫീസർമാർ ഉറപ്പ് വരുത്തേണ്ടതാണ്.

(ഒപ്പ്)
സാമൂഹ്യനീതി ഡയറക്ടർ

പകർപ്പ്:
1. ബന്ധപ്പെട്ട ശിശുവികസനപദ്ധതി ഓഫീസർമാർക്ക്.
2. എല്ലാ ജില്ലാ സാമൂഹ്യനീതിഓഫീസർമാർക്കും
2. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും.
3. സെക്ഷൻ / സ്റ്റോക്ക് ഫയൽ.
4. IT Cell- വെബ് സൈറ്റ് പ്രസിദ്ധീകരണത്തിന്.

ഉത്തരവിൻപ്രകാരം
സൂപ്രണ്ട്.

db@17***